**വരയും കുറിയും, കനൽ ചവിട്ടി കൊറോണയും കടന്ന് മുന്നോട്ട്, ഓർമ മരം പൂക്കുമ്പോൾ അങ്ങനെ കൊറോണക്കാലം ആഘോഷമാക്കി ക്രിയേറ്റീവ് ക്യാമ്പയിൻ**

കണ്ണൂർ ജില്ലയിൽ കുടുംബശ്രീയുടെ കീഴിൽ കൊറോണക്കാലം ആഘോഷ ഭരിതമാക്കുകയാണ് ഇതിലെ വിവിധ കൂട്ടായ്മകൾ. ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ വീട്ടിനുള്ളിലിരുന്ന് വിരസതയ്ക്ക് കീഴ്പ്പെടാതെ കഴിയുന്നതും സർഗാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണ് ബാലസഭകളും, കുടുംബശ്രീ വനിതകളും വയോജനങ്ങളും.

അപ്രതീക്ഷിതമായെത്തിയ മഹാവ്യാധിക്കു മുന്നിൽ തോൽക്കാതെ ജീവിതത്തെ പ്രതീക്ഷയോടെ കാണാനും ലോക്ക് ഡൗൺ കാലം ഫലപ്രദമായി വിനിയോഗിക്കാനും ബാലസഭാ അംഗങ്ങൾ, വയോജന അയൽക്കൂട്ടാംഗങ്ങൾ, കുടുംബശ്രീ വനിതകൾ എന്നിവരെ പ്രാപ്തരാക്കുക എന്നതാണ് കുടുംബശ്രീ ഈ ക്രിയേറ്റീവ് ക്യാമ്പയിൻ വഴി ലക്ഷ്യമിടുന്നത്. എല്ലാവർക്കുമുള്ള മത്സരങ്ങൾ ഇതിനായി പ്രത്യേകം രൂപീകരിച്ച വിവിധ വാട്ട്സാപ് ഗ്രൂപ്പു വഴിയാണ് സംഘടിപ്പിക്കുന്നത്. 2658 ബാലസഭകളാണ് ജില്ലയിലുള്ളത്. ഇതിൽ 42,087 കുട്ടികൾ അംഗങ്ങളാണ്. ജൂനിയർ സീനിയർ വിഭാഗങ്ങളിലായി ബാലസഭാ കുട്ടികൾക്കായി നടത്തുന്ന മത്സരമാണ് വരയും കുറിയും. ഇവർക്കായി നിരവധി മത്സരങ്ങളുണ്ട്. 2019 മുതൽ മലയാളത്തിൽ പ്രസിദ്ധീകരിച്ച കഥയോ നോവലോ ആസ്പദമക്കി ആസ്വാദനക്കുറിപ്പ്, ലോക്ക് ഡൗൺ എന്ന വിഷയം ആസ്പദമാക്കി കാർട്ടൂൺ രചന, അതിജീവനം എന്ന വിഷയത്തെ കുറിച്ച് കവിതാ രചന, ലോക്ക് ഡൗൺ കാലത്തെ രസകരമായ കാഴ്ചകളെ കുറിച്ച് ഫോട്ടോ ഷൂട്ട്, കൊറോണക്കാലം എന്നതിനെ കുറിച്ച് ഇംഗ്ളീഷ് കവിതാ രചന എന്നിവയാണ് ബാല സഭാംഗങ്ങൾക്കായി സംഘടിപ്പിച്ചിട്ടുള്ള മത്സരങ്ങൾ. ഇതുവരെ ആയിരത്തി

അറുനൂറിലേറെ രചനകളാണ് കുട്ടികളുടേതായി സി.ഡി.എസുകളിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ ഓരോ വിഭാഗത്തിലും ലഭിച്ചിട്ടുള്ള ഏറ്റവും മികച്ച അഞ്ച് സൃഷ്ടികൾ വീതം ജില്ലാതലത്തിലേക്ക് അയക്കുകയും അതിൽ നിന്നും ഏറ്റവും മികച്ച ഒന്ന് വീതം തിരഞ്ഞെടുക്കുകയും ചെയ്യും.

കനൽ ചവിട്ടി കൊറോണയും കടന്ന് മുന്നോട്ട്, എന്നതാണ് അയൽക്കൂട്ട വനിതകൾക്ക് നൽകിയിരിക്കുന്ന വിഷയം. സി.ഡി.എസ് തലത്തിലും ജില്ലാതലത്തിലുമായി രണ്ട് ഘട്ടങ്ങളിലായാണ് ഇവർക്കുള്ള മത്സരം. ഒരു സാമൂഹിക പ്രവർത്തക എന്ന നിലയിൽ കൊറോണക്കാലം നൽകിയ അനുഭവങ്ങളെ അടിസ്ഥാനമാക്കി അനുഭവക്കുറിപ്പ് തയ്യാറാക്കുന്ന മത്സരമാണ് ഇവർക്കു നൽകിയിരിക്കുന്നത്. മത്സരം ആരംഭിച്ചു. കുറച്ചു ദിവസങ്ങൾ പിന്നിടുമ്പോൾ തന്നെ മുന്നൂറിലേറെ രചനകളാണ് സി.ഡി.എസുകളിൽ എത്തിയത്. മത്സരത്തെ അയൽക്കൂട്ട വനിതകൾ ആവേശത്തോടെ സ്വീകരിച്ചു എന്നതിന്റെ തെളിവാണ്. ഓരോ സി.ഡി.എസിലും ലഭിച്ച അനുഭവക്കുറിപ്പുകളിൽ നിന്നും മികച്ച മൂന്നു ജില്ലാതലത്തിലേക്ക് അയക്കുകയും അവിടെ നിന്നും ഏറ്റവും മികച്ചത് തിരഞ്ഞെടുക്കുകയും ചെയ്യും. ലോക്ക് ഡൗൺ കാലത്തിനു ശേഷം എല്ലാ വിഭാഗത്തിലും മത്സര വിജയികളായവരെ ജില്ലാതലത്തിൽ അനുമോദിക്കുന്നതിനും പരിപാടിയുണ്ട്.

വയോജനങ്ങൾക്കായി സംഘടിപ്പിക്കുന്ന ഓർമ്മ മരം പൂക്കുമ്പോൾ എന്ന മത്സര വിഭാ ഗത്തിലും കാണാനാവുന്നത് ഓർമ്മകളുടെ ചെറുപ്പം തന്നെ. എന്റെ പള്ളിക്കൂട കാലം, അല്ലെങ്കിൽ എന്റെ ജീവിത പ്രണയം എന്നതാണ് വയോജനങ്ങൾക്ക് ഓർമ്മക്കുറിപ്പെഴുതാൻ നൽകിയിരിക്കുന്ന വിഷയങ്ങൾ. ഇന്നലെകളിലേക്കു തുറക്കുന്ന

ജനാല□രികിൽ പലരും പേനയും പേപ്പറുമായി തങ്ങളുടെ ഓർമ്മക്കുറിപ്പുകൾ രചിക്കുന്ന തിരക്കിലാണ്. ഇതുവരെ നാൽപതിലേറെ രചനകളാണ് ഇവരുടേതായി ലഭിച്ചത്. വരും ദിവസങ്ങളിൽ ഓരോ സി.ഡി.എസിൽ നിന്നും കൂടുതൽ പേരുടെ രചനകൾ എത്തുമെന്നാണ് ജില്ലാമിഷൻ അധികൃതർ പ്രതീക്ഷിക്കുന്നത്. ജില്ലാ പ്രോഗ്രാം മാനേജർമാർക്കും ബ്ളോക്ക് കോഓർഡിനേറ്റർമാർക്കുമാണ് മത്സരങ്ങളുടെ ചുമതല.